PULLANICAD—PANANGATTUKARA ROAD

189. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) whether a road connecting Pullanicad in the Vadakkancheri Village with Panangattukara had not been included in the Vadakkancheri Town improvement scheme once sanctioned by the Government;

(*b*) whether the Panangattukara part of the road has not been completed some years back;

(*c*) what length more has to be put up to connect this with Pullanicad?

Mr. Parambi Lonappen *(Minister for Rural Development):*

(*a*) Yes; but the work could not be taken up due to paucity of funds.

(*b*) The road from Panangattukara to Mangalam has been completed in 1117.

(*c*) About 6 furlongs.

DEPRESSED CLASSES COLONIES

190. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് ദയവായി മറുപടി പറയുമോ.—

ഗവർമ്മെണ്ടിൽനിന്നും അംഗീകരിച്ചിട്ടുള്ള എല്ലാ കോളനികളിലേയും നിവാസികൾക്ക് അവരവർ നിവസിക്കുന്ന സ്ഥലത്തിന്റെ റവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും ലൈസൻസു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ:

എല്ലാവക്കും കൊടുത്തു കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എത്രകൊണ്ടാണ് എല്ലാവക്കും കൊടുക്കാത്തത്?

മിസ്റ്റർ പറമ്പിലോനപ്പൻ : സർവ്വെയും സബ്ഡിവിഷനും കഴിഞ്ഞിട്ടില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : സർവ്വെ നടത്താത്ത കോളനികൾ ഉണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ : ഉണ്ട്. സർവ്വെ കഴിഞ്ഞതിനുശേഷമല്ലാതെ ഓരോരുത്തക്കും എത്രയെത്ര സ്ഥലങ്ങളാണ് എന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എല്ലാസ്ഥലത്തും ഒരേമാതിരിയിണോ കൊടുക്കുവാൻ വിചാരിക്കുന്നത്?

മിസ്റ്റർ പറമ്പിലോനപ്പൻ : അല്ല.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : മലയോരങ്ങളിൽ എത്രയാണ് കൊടുക്കുവാൻ വിചാരിക്കുന്നത്?

മിസ്റ്റർ പറമ്പിലോനപ്പൻ : തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ : കോളനികളുടെ സർവ്വെ കഴിഞ്ഞാകുന്നത് എന്നാണ്?

മിസ്റ്റർ പറമ്പിലോനപ്പൻ : ഒന്നര രണ്ടു മാസത്തിനുള്ളിൽ കഴിയും.

DEPRESSED CLASSES STUDENTS FOR HIGHER STUDIES

191. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

ഇവിടത്തെ കോളേജ് വിദ്യാഭ്യാസത്തിനുശേഷം മറുനാടുകളിൽ പോയി നിയമം, എഞ്ചിനീയറിങ്ങ്, മെഡിസിൻ എന്നീ വിഷയങ്ങൾ പഠിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നു തിരഞ്ഞെടുക്കുവാനും ധനസഹായം അനുവദിക്കുവാനും ഇക്കൊല്ലം അധികൃതരിൽ മുമ്പെല്ലാമാണ് അപേക്ഷകന്മാരായിട്ടുള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) സി. സി. കഞ്ഞൻ, (ബി) ടി. എ. പരമൻ, (സി) എം. പൊറയത്തു്, (ഡി) വി. കെ. കുട്ടൻ.

മിസ്റ്റർ കെ. കെ. കണ്ണൻ : ഇവരിൽ എത്രപേരെ തിരിഞ്ഞെടുത്തു?

മിസ്റ്റർ പറമ്പിലോനപ്പൻ : രണ്ടു പേരെ തിരഞ്ഞെടുത്തു. ഒരാൾക്ക് അഡ്മിഷൻ കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കെ. കണ്ണൻ : മറേറ ആളുടെ ആപ്ളിക്കേഷൻ കിട്ടുവാൻ താമസിച്ചു പോകൊണ്ടാണോ അയാൾക്ക അഡ്മീഷൻ കൊടുക്കാത്തതെന്ന ഗവൺമെണ്ടു കമ്പിയടിച്ചു നോക്കിയോ?

മിസ്റ്റർ പറമ്പിലോനപ്പൻ : ആപ്ളിക്കേഷൻ വന്നില്ലെന്ന മറുപടിയുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : കോട്ടയത്തിൽപോലും എത്രകൊല്ലം കഴിഞ്ഞതിനു ശേഷമാണു് സഹായധനം കൊടുക്കുന്നതു്.

മിസ്റ്റർ പറമ്പിലോനപ്പൻ : അഡ്വാൻസു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : അവർ എതെല്ലാം വിഷയങ്ങൾ പഠിക്കുവാനാണു് പോയിട്ടുള്ളതു്?

മിസ്റ്റർ പറമ്പിലോനപ്പൻ : രണ്ടുപേർ ലൊ പഠിക്കുവാനാണു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : മെഡിസിനൊ, എഞ്ചിനീയറിംഗിനോ ആരെങ്കിലും പോയിട്ടുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ : ഇല്ല, അഡ്മിഷൻ കിട്ടിയാൽ ഒരാളെ ഇക്കൊല്ലം അയക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ : അധഃകൃതരിൽ നിന്നുള്ള ആളുകളെ മെഡിസിൻ, എഞ്ചിനീയറിംഗ് മുതലായവ പഠിക്കുവാൻ അയക്കണമെന്നുള്ള കമ്മീഷൻ അനുവദിച്ചു കൊണ്ടു ഓർഡർ പുറപ്പെടുവിച്ചിട്ടില്ലെ? അതനുവദിച്ചു അയക്കുവാൻ താമസിച്ചതുകൊണ്ടല്ലേ അവിടെപോയിചേരുവാൻ സാധിക്കാത്തതെന്നു പറയാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ : ആയിരിക്കാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : ഇവിടെനിന്നു അയക്കുന്നവരെല്ലാം ഫസ്റ്റ്ക്ലാസ്സു് കിട്ടിട്ടുള്ളവരാണോ?

മിസ്റ്റർ പറമ്പിലോനപ്പൻ : അതെ.

PANCHAYATS IN THE STATE AND DEPRESSED CLASSES

192. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) സ്റ്റേറിൽ ആകെ എത്ര പഞ്ചായത്തുകളുണ്ടു്;

(ബി) അധഃകൃതർക്കു പഞ്ചായത്തുകളിൽ നോമിനേഷൻ വഴി പ്രാതിനിദ്ധ്യം വേണമെന്നാവശ്യപ്പെട്ടുകൊണ്ടു് എത്ര പഞ്ചായത്തുദ്ധികളിൽനിന്നും കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പുകാലത്തു് അധഃകൃതരുടെ അപേക്ഷകൾ ഗവർമ്മെണ്ടിലേക്കു ലഭിച്ചിട്ടുണ്ടു്;

(സി) എത്ര പഞ്ചായത്തുകളിലേക്കു അധഃകൃതർക്കു കഴിഞ്ഞ തവണ പ്രാതിനിദ്ധ്യം നല്കിയിട്ടുണ്ടു്;

(ഡി) മറവു പഞ്ചായത്തുകളിലേക്കു അധഃകൃതരിൽനിന്നും ആരേയും നോമിനേറവു ചെയ്യാതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ;

(ഇ) കഴിഞ്ഞതവണ പഞ്ചായത്തുകളിലേക്കു നോമിനേറവു ചെയ്തിട്ടുള്ളവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സഭയം മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) സ്റ്റേറിൽ ആകെ 719 പഞ്ചായത്തുകളുണ്ടു്.

(ബി) അതിനെപ്പററി പ്രത്യേകം ലിസ്റ്റു് വെച്ചിട്ടില്ലാത്തതിനാൽ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(സി) നാലു് (4) പഞ്ചായത്തുകളിൽ അധഃകൃതർക്കു കഴിഞ്ഞ തവണ പ്രാതിനിദ്ധ്യം നല്കിയിട്ടുണ്ടു്.

(ഡി) പ്രത്യേക കാരണമില്ല.

LIBRARY ARCHIVES Kerala Legislative Assembly